# വിശുദ്ധവീഥിയിലൂടെ കൂനമ്മാവ് ഇടവക

1659 മുതൽ കേരളസഭയുടെ സിരാകേന്ദ്രമായിരുന്നു കൂനമ്മാവ്. കർമ്മലീത്താ മിഷണറിമാരുടെ പ്രവർത്തനകേന്ദ്രവും കൂനമ്മാവ് തന്നെയായിരുന്നു. വരാപ്പുഴ വികാരിയാത്തിന്റെ കീഴിലുള്ള സുപ്രധാന ദേവാലയങ്ങളിൽ ഒന്നായിരുന്നു സെന്റ് ഫിലോമിനാസ് പള്ളി. പള്ളിയും ആശ്രമവും തൊട്ടടുത്തായിരുന്നു. പെരിയാറിന്റെ ദക്ഷിണ കൈവഴിയിൽ നാല് പുഴകൾ സംഗമിക്കുന്നിടത്തെ പടിഞ്ഞാറൻ തീരത്ത് തെക്കുഭാഗത്തായിരുന്നു ഈ മന്ദിരങ്ങൾ. വരാപ്പുഴയിൽ നിന്ന് രണ്ട് മൈൽ വടക്കായുള്ള പറവൂർ പഞ്ചായത്തിൽപ്പെട്ട കൊച്ചുഗ്രാമമായിരുന്നു കൂനമ്മാവ്. വരാപ്പുഴ വികാരിയാത്തിന്റെ ആസ്ഥാനവും വൈദികപരിശീലനകേന്ദ്രത്തിന്റെ കേന്ദ്രവുമായി മാറിയതോടെ ആത്മീയപുനരുജ്ജീവനവും സാംസ്കാരിക നവോത്ഥാനവും കൂനമ്മാവിന് കൈവന്നു എന്നു പറയാം. അന്നത്തെ കൂനമ്മാവ് ഇടവകയുടെ വിസ്തീർണ്ണം 38.5 ചതുരശ്രകിലോമീറ്ററായിരുന്നു. കോട്ടുവള്ളി, ചെറിയപ്പിള്ളി, വള്ളുവള്ളി, മാളോത്ത്, കരിങ്ങാംതുരുത്ത്, നീറിക്കോട്, കൊടുവഴങ്ങ, കൊങ്ങോർപിള്ളി, ഒളനാട് എന്നീ പ്രദേശങ്ങൾ കൂനമ്മാവ് ഇടവകയിലായിരുന്നു.വാകയിൽ, പഴമ്പിള്ളി, കല്ലൂർ, കാനപ്പിള്ളി കുടുംബക്കാരാണ് കൂനമ്മാവ് ദേവാലയനിർമ്മാണത്തിന്റെ മേൽനോട്ടം വഹിച്ചത്. സെന്റ് ഫിലോമിനാസ് പള്ളിക്കുള്ള സ്ഥലം സംഭാവനയായി നൽകിയത് വത്തർ വാകയിലും സഹോദരങ്ങളുമായിരുന്നുവെന്ന് ഫാ. ലിയാനാർദ് ടി.ഒ.സി.ഡി. സെന്റ് ഫിലോമിനായുടെ പ്രഥമ ദേവാലയം എന്ന പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തുന്നു.

നൂറ്റാണ്ടുകളോളം കേരളസഭയിലെ സാമൂഹിക, സാംസ്കാരിക, ആത്മീയപ്രവർത്തനങ്ങളുടെ സുപ്രധാനകേന്ദ്രമായിരുന്നു കൂനമ്മാവ്. 1886-ൽ ഇവിടെയാണ് കേരളസഭയിൽ ഇദംപ്രഥമമായി 40 മണിക്കൂർ ദിവ്യകാരുണ്യാരാധനയും തുടർന്ന് ദിവ്യകാരുണ്യപ്രദക്ഷിണവും അന്നത്തെ വികാർ അപ്പസ്തോലിക്കായിരുന്ന ആർച്ചുബിഷപ്പ് ബെർണദീൻ ബച്ചിനെല്ലിയുടെ താൽപ്പര്യപ്രകാരം ആരംഭിച്ചത്. ഈ ഭക്തികർമ്മം കേരളത്തിലെ ആത്മീയ നവോത്ഥാനത്തിന് കാരണമാവുകയും ചെയ്തു. ആർച്ചുബിഷപ്പ് ബെർണദീന്റെ അധികാരപരിധിയിൽ കൂനമ്മാവിൽ ലത്തീൻ, സുറിയാനി റീത്തിൽപെട്ടവരുണ്ടായിരുന്നു. വരാപ്പുഴ സെമിനാരിയിൽ ലത്തീൻ, സുറിയാനി റീത്തുകളിൽ പെട്ടവർ പഠിച്ചിരുന്നു. കൂനമ്മാവ് ആശ്രമത്തിലും രണ്ട് റീത്തുകളിലും പെട്ടവർക്ക് പ്രവേശനവും നൽകിയിരുന്നു. ചാവറയച്ചൻ പ്രിയോരായി കൂനമ്മവുണ്ടായിരുന്നപ്പോഴും ലത്തീൻ റീത്തിൽ നിന്നുള്ള വൈദീകാർത്ഥികളെ കൊടുങ്ങല്ലൂർ, എൽത്തുരുത്ത്, പുത്തൻപള്ളി എന്നിവിടങ്ങളിലുള്ള മറ്റ് സെമിനാരികളിലേയ്ക്കും അയച്ചിരുന്നു. അവരുടെ പൗരോഹിത്യസ്വീകരണത്തെക്കുറിച്ച് വ്യക്തമായ തീരുമാനമുണ്ടാകാറില്ലായിരുന്നുവെന്നു മാത്രം. ലത്തീൻ റീത്തിലുള്ള വൈദികർക്കും വിശ്വാസികൾക്കും ഇക്കാര്യത്തിൽ ഏറെ സങ്കടമുണ്ടായിരുന്നു. ഇങ്ങനെ പൗരോഹിത്യസ്വീകരണം വൈകുന്നകാര്യത്തിലുള്ള അവഗണനയും അവരെ അസ്വസ്ഥരാക്കിയിരുന്നു. 1857 മുതൽ 1889 വരെ സിറിയൻ വൈദികരുടെ നിയന്ത്രണത്തിലായിരുന്നു കൂനമ്മാവ് പള്ളിയും പള്ളിയോട് ചേർന്നുള്ള കെട്ടിടങ്ങളും. 1889 മാർച്ച് 3 ന് പരിശുദ്ധസിംഹാസനത്തിന്റെ കല്പ്പനയനുസരിച്ച് സിറിയൻ വൈദികർക്ക് കൂനമ്മാവ് ആശ്രമവും സെന്റ് ഫിലോമിനാസ് പള്ളിയും വിട്ടുപോകേണ്ടിവന്നു. ഇതോടെ കൂനമ്മാവ് പള്ളി സ്വതന്ത്ര ഇടവകയാവുകയും ചെയ്തു.

ചരിത്രമുറങ്ങുന്ന ഭൂമിയാണ് കൂനമ്മാവ്, മിഷണറിമാരുടെ പാദസ്പർശമേറ്റ ഈ ഗ്രാമം കർമ്മലീത്തസഭയിലെ വിവിധ സഭകളുടെ ഈറ്റില്ലമായി മാറി. ചാവറയച്ചൻ തന്റെ ജീവിതത്തിന്റെ അവസാന 7 വർഷങ്ങൾ ചിലവഴിച്ച മണ്ണ്, ദൈവദാസി മദർ ഏലിശ്വ വാകയിൽ തന്റെ ജീവിതത്തിന്റെ നീണ്ട 42 വർഷങ്ങൾ ജീവിച്ച സ്ഥലം, ദൈവദാസൻ ജോർജ് വാകയിൽ ജനിച്ചു വളർന്ന ഇടവക എന്നിങ്ങനെ കൂനമ്മാവിന് പ്രശസ്തി കൂട്ടുന്ന ഒത്തിരി കാര്യങ്ങളുണ്ട്. മദർ ഏലിശ്വയാൽ സ്ഥാപിതമായ കേരളത്തിലെ പ്രഥമസന്യാസിനീസമൂഹമായ റ്റി.ഒ.സി.ഡി യുടെ ആദ്യ ഭവനം ഇന്നും നിലനിൽക്കുന്ന ഈ പുണ്യഭൂമിയിൽ കേരളസഭയിലെ ആദ്യ സന്യാസിനിസമൂഹത്തിൽനിന്ന് സ്വർഗ്ഗിയാരാമത്തിലേക്ക് യാത്രയായ പ്രഥമസൂനമായ, കൂനമ്മാവ് ഇടവകാംഗവും സഹസ്ഥാപികമാരിൽ ഒരാളുമായ അന്ന വാകയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ബെർണ്ണർദീൻ മെത്രാപ്പോലീത്തയുടെ നിർദ്ദേശപ്രകാരം കാര്യങ്ങൾ നിർവ്വഹിച്ച് വിനീതനായി ജീവിച്ച ഒരു വ്യക്തിയാണ് ചാവറയച്ചൻ. നല്ലതെന്ന് തോന്നിച്ച കാര്യങ്ങൾക്കെല്ലാം അദ്ദേഹം മറ്റുള്ളവരോടൊപ്പം സഹകരിച്ചു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ മഹാമിഷണറിയായ ബെർണ്ണർദീൻ മെത്രാപ്പോലീത്ത തുടക്കമിട്ട വിവിധങ്ങളായ സംരംഭങ്ങളുടെ ഫലമായി വികാരിയാത്ത് മുഴുവൻ അത്മീയ നവീകരണത്തിനിടയായി. അദ്ദേഹം കേരളത്തിലാദ്യമായി 40 മണികൂർ ആരാധനയ്ക്ക് തുടക്കമിട്ടു. മിഷന്റെ പ്രൊക്കുറേറ്ററായ ലെയോപ്പോൾഡ് മൂപ്പച്ചനാണ് പള്ളിയുടെ വെടിപ്പും ക്രമങ്ങളും അലങ്കാരാദികളുമടക്കമുള്ള എല്ലാ നടത്തിപ്പുകളും ചെയ്തിരുന്നതെന്ന് ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്ന് പലരും പറയുന്നതും എഴുതുന്നതും ചാവറയച്ചനാണ് 40 മണിക്കൂർ ആരാധന നടപ്പിൽ വരുത്തിയതെന്നാണ്.

പള്ളിക്കൂടങ്ങൾ ഓരോ ഇടവകയിലും സ്ഥാപിക്കണമെന്ന് ഇടയലേഖനത്തിലൂടെ കല്പിച്ചത് ബെർണ്ണർദീൻ മെത്രാപ്പോലീത്തയാണ്. 1836-ൽ ഒരു മിഷണറി വൈദികനായി കൂനമ്മാവിൽ വന്നപ്പോൾ അവിടെ കുട്ടികളെ പഠിപ്പിച്ചിരുന്ന സാൽവദോർ ആശാന് 16 പുത്തൻ ശമ്പളം തരപ്പെടുത്തി പ്രോത്സാഹിപ്പിച്ച ബെർണ്ണർദ്ദീൻ പിതാവ് പള്ളിക്കൂടങ്ങളുടെ ആവശ്യകതയെക്കുറിച്ച് ബോധവാനായിരുന്നു. അദ്ദേഹം വിഭാവന ചെയ്ത എല്ലാ കാര്യങ്ങൾക്കും വികാരി ജനറലായ ഫിലിപ്പോസ് മിഷണറിയും, ലെയ്യോപ്പോൾഡച്ചനും മറ്റു മിഷണറിമാരും സജീവ പിന്തുണ നൽകുകയും പ്രാവർത്തികമാക്കാൻ സഹകരിക്കുകയും ചെയ്തിട്ടുണ്ട്. റോക്കോസിയൻ ശീശ്മയുടെ പശ്ചാത്തലത്തിൽ സീറോ മലബാർ റീത്തിലെ ക്രിസ്ത്യാനികളുടെ പ്രത്യേക വികാരി ജനറലായി നിയമിക്കപ്പെട്ട ചാവറയച്ചനും സീറോ മലബാർ റീത്തിലെ പള്ളികളിൽ ഈ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിച്ചിട്ടുണ്ടാകും എന്ന് ചിന്തിക്കാവുന്നതാണ്. എന്നാൽ ബെച്ചിനെല്ലി മെത്രാപ്പോലീത്തയുടെ പ്രാധാന്യത്തെ കുറച്ചുകാണിക്കുന്ന ചരിത്രരചനാശൈലി, ജീവിച്ചു കടന്നുപോയവരോടും വരാനിരിക്കുന്ന തലമുറയോടുമൊക്കെ ചെയ്യുന്ന അനീതിയാണെന്നത് പ്രഥമ വീക്ഷണത്തിൽത്തന്നെ സുവ്യക്തമാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചൻത്തന്നെ എഴുതിവച്ചിട്ടുള്ള കാര്യങ്ങൾക്ക് കടകവിരുദ്ധമായിപ്പോലും അസത്യപ്രചാരണം നടക്കുന്നു എന്നതാണ് കൂടുതൽ വിചിത്രം.

വരാപ്പുഴ അതിരൂപതാ ആർക്കൈവ്സിൽ സൂക്ഷിച്ചിരിക്കുന്ന, 1865-ാം കൊല്ലം മീനമാസം ബെർണർദ്ദീൻ മെത്രാപ്പോലീത്ത പുറപ്പെടുവിച്ച സർക്കുലറിൽ ഓരൊ ഇടവകയിലും പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്ന് നേരത്തെതന്നെ കല്പിച്ചിരുന്നതിനെ ആവർത്തിച്ചുകൊണ്ടും അവയിൽ പഠിപ്പിക്കേണ്ടുന്ന വിധത്തെക്കുറിച്ചും ക്രമങ്ങളെക്കുറിച്ചും വ്യക്തമായി നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. ബർണ്ണദോസ് തോമ പട്ടക്കാരൻ സി.എം.ഐ 1908 -ൽ മന്നാനത്ത് വിശുദ്ധ യൗസേപ്പിതാവിന്റെ അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച 'മലയാളത്തിലെ കൽദായ സുറിയാനി റീത്തിൽ ചേർന്ന ക.നി.മൂ.സ. യുടെ ചരിത്ര സംക്ഷേപ'ത്തിൽ (പേജ് 246) ഈ വസ്തുത കാണാം. "മെത്രാപ്പോലീത്താച്ചൻ ചെയ്ത പ്രധാന കാര്യങ്ങൾ, സ്കൂളുകൾ എല്ലാ കരകളിലും ഇടവകകളിലും സ്ഥാപിക്കുന്നതിനും അതുകളിൽ വേദോപദേശപഠനം ശരിയായി നടത്തുന്നതിനും വേണ്ട നടപടികളൊക്കെ ഏർപ്പെടുത്തിയതും ആണ് ...1856-ാം കാലം മുതൽ നമ്മുടെ അച്ചന്മാരിൽ ചാണ്ടിയച്ചൻ, കുരിയാക്കോസ് എലീശാച്ചൻ, കാപ്പിൽ മത്തായി മറിയം അച്ചൻ, കാനാട്ട് യാക്കോബ് മറിയം അച്ചൻ, തട്ടാച്ചെരിൽ സ്കറിയാ അച്ചൻ എന്നിങ്ങനെ ഒരോ അച്ചന്മാരെ എട്ടും പത്തും പള്ളികളിൽ അവിടുത്തെ സ്ഥാനപതികളായി നിയമിക്കയും അവർ ആ പള്ളികളിൽ ചുറ്റിനടന്ന് സ്കൂൾ നടത്തൽ, കുട്ടികളുടെ വേദോപദേശപഠനം, ജനങ്ങളുടെ നല്ല വ്യാപാരം എന്നി കാര്യങ്ങൾ അന്വേഷിക്കയും അതിനായി മെത്രാപ്പോലീത്താച്ചൻ കല്പിച്ചു നിശ്ചയിച്ച നിയമങ്ങൾ പോലെ അവർ തങ്ങളുടെ അധികാരത്തിൽപ്പെട്ട പള്ളികളിൽ ചുറ്റിനടന്ന് അതുകളെ നടത്തിവരികയും ചെയ്തു".

ബർണർദിൻ മെത്രാപ്പോലീത്തയുടെ പിൻഗാമിയായ ലെയൊനാർദ് മെല്ലാനോ (1868-1897) മെത്രാപ്പോലീത്തയും 1872 തുലാം 17-ന് ഇറക്കിയ 25-ാം നമ്പർ ഇടയ ലേഖനത്തിൽ ബെച്ചിനെല്ലി മെത്രാപ്പോലീത്തയുടെ വിദ്യാഭ്യാസ രംഗത്തെ സംഭാവനയെക്കുറിച്ച് വിശദമായി എഴുതുന്നുണ്ട്: "ഈ ന്യായങ്ങൾ മുഖാന്തിരമായിട്ടത്രെ നമ്മുടെ വന്ദിക്കപ്പെട്ട കാരണവൻ ഇടവകകളിലൊക്കെയിൽ തന്നെയല്ല എല്ലാ കരകളിലും ഇസ്ക്കൊളകൾ സ്ഥാപനം ചെയ്തു ഉത്സാഹമൊക്കെയോടും താല്പര്യത്തോടു കൂടെയും ശിക്ഷകളുടെ കീഴിലും പ്രമാണിക്കയും ചെയ്തത്."

ഇങ്ങനെ ചാവറയച്ചൻ മാന്നാനത്ത് ആയിരുന്നപ്പോൾ ചെയ്തകാര്യങ്ങളും കൂനമ്മാവിൽ ജീവിച്ച 7 വർഷങ്ങളിലെ പ്രവർത്തനവുമൊക്കെ അതിവർണ്ണനം ചെയ്ത് ചാവറയച്ചന് ബഹുമതി വർദ്ധിപ്പിക്കുന്ന ഒരു മനോഭാവം സീറോ മലബാർ സഭയിലെ എല്ലാ എഴുത്തുകാരും അനുകരിച്ചുപോരുന്നു. ആദ്യകാലങ്ങളിൽ എഴുതപ്പെട്ടവ പിന്നീടു വന്നവർ വിവേചനം കൂടാതെ സാമുദായിക താത്പര്യം മുൻനിറുത്തി ബോധപൂർവ്വം ആവർത്തിക്കുന്നതാണെന്ന് മനസ്സിലാക്കാവുന്നതാണ്. ചാവറയച്ചന്റെ മരണശേഷമുള്ള കാര്യങ്ങൾ പോലും ഇക്കൂട്ടർ ചാവറയച്ചന്റേതെന്ന് എഴുതിപ്പോയതും ഓർക്കേണ്ടതുണ്ട്. ചാവറയച്ചന്റെ കൂനമ്മാവിലെ 7 വർഷങ്ങൾ വിലയിരുത്തുമ്പോൾ അദ്ദേഹത്തിന്റെ സഭയിലെ ആശ്രമങ്ങളുടെ കാര്യങ്ങൾ അന്വേഷിക്കാനും നടത്തുവാനും ലെയോപ്പൊൾഡ് അച്ചനുമൊരുമിച്ച് നടത്തിയ യാത്രകളും കൂനമ്മാവ് മഠത്തിൽ ലെയോപ്പോൾഡച്ചനോടൊപ്പം വന്നതുമായ കാര്യങ്ങൾ നാളാഗമങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നുണ്ട്.സകല നല്ല കാര്യങ്ങളുടെയും കർതൃത്വം ചാവറയച്ചന്റെ ചുമലിൽ കെട്ടിവയ്ക്കുന്ന രചനാശൈലി അപലപനീയം തന്നെ.

**അമലോത്ഭവദാസ സംഘം (സി.എം.ഐ)**

അമലോത്ഭവദാസ സംഘമെന്ന പേരിൽ 1855-ൽ തുടങ്ങിയ സി.എം.ഐ സഭയുടെ കാനോനിക സ്ഥാപനത്തിനുമുമ്പ്, നീണ്ട വർഷങ്ങളുടെ ചരിത്രമുണ്ട്. സി.എം.ഐ സ്ഥാപനത്തെക്കുറിച്ച് ചാവറയച്ചൻ തന്നെ എഴുതുന്നത്. തോമസ് പൊറുക്കരെ, തോമസ് പാലക്കൽ മല്പാന്മാരും ലത്തീൻ കാരനായ പാസ്കൽ പാതിരിയുമൊരുമിച്ച് തപസ്സുഭവനം തീർക്കുന്ന കാര്യം മെത്രാനച്ചനെ അറിയിച്ച് അനുവാദം വാങ്ങിച്ചു എന്നാണ്. കണിയാന്തറ ജേക്കബും ഈ സംരംഭത്തോട് ചാവറയച്ചനെക്കാൾ മുൻപ് സഹകരിച്ചിരുന്നുവെന്നും ചാവറയച്ചൻ രേഖപ്പെടുത്തുന്നുണ്ട് (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ വാല്യം 1, പേജ് 7, കൈയ്യെഴുത്തുപ്രതി പേജ് 29). സി.എം.ഐ സഭയുടെ ആദ്യകാലചരിത്രത്തിൽ രണ്ടുപേരുടെ പേരുകൾ മാത്രമേ ഉള്ളൂ ("Erano a capo dell'impresa i due sacerdoti soriani Tomaso Plachel e Tomaso Porucarè". ACCO, *Acta* Vol. 15, p. 320f. Report of Fr. Jerome Mary of Immaculate Conception, Superior General of OCD on March 1884). ആദ്യ അംഗീകാരം ലഭിക്കുമ്പോൾ ചാവറയച്ചൻ വൈദികപട്ടം പോലും സ്വീകരിച്ചിരുന്നില്ല. പിന്നീടു ചേർന്നവരിൽ ഒരാളായ ചാവറയച്ചൻ മറ്റുള്ളവരെ മറികടന്ന് എങ്ങനെ സ്ഥാപകനായി? (*Antony Valavanthra CMI, An Epic of Dreams, pp. 39-46;* ആന്റണി വളവന്ത്ര സി.എം.ഐ, സി.എം.ഐ സഭാസ്ഥാപകൻ പൊറുക്കരെ തോമ മല്പാൻ).

തോമസ് പൊറൂക്കരെ, തോമസ് പാലക്കൽ എന്നീ മല്പാന്മാർ തുടക്കമിട്ട തപസ്സുഭവനത്തിൽ സന്യാസജീവിതത്തിനു യോജിച്ച ഒരു സമൂഹജീവിതം ആരംഭിക്കുന്നത് 1840-നോടടുത്തും, കാനോനികമായി ഒരു സന്യാസസഭയായി രൂപപ്പെട്ടത് 1855-ലുമാണ്. ഈ അവസരത്തിലാണ് ചാവറയച്ചൻ ആദ്യപ്രിയോരായി നിയോഗിക്കപ്പെട്ടത്. എന്നാൽ ചാവറയച്ചന്റെ നാമകരണ നടപടികളുടെ ഭാഗമായി രചിക്കപ്പെട്ട ചരിത്രങ്ങളിൽ തോമാ മല്പാന്മാരെ പിറകിലാക്കി ചാവറയച്ചൻ സി.എം.ഐ സ്ഥാപകനായി. കാനോനികമായി ഒരു സന്യാസസഭയായിരൂപപ്പെട്ടത് 1855 ലാണെങ്കിൽ 1831 എങ്ങനെ സന്യാസസഭയുടെ സ്ഥാപനവർഷമായിത്തീർന്നു?

**ദൈവദാസി മദർ ഏലീശ്വയും കൂനമ്മാവും**

1866 ഫെബ്രുവരി 13-ന്, കൂനമ്മാവിലെ ഒരു പനമ്പുമഠത്തിൽ, ദൈവദാസി മദർ ഏലിശ്വയാൽ സ്ഥാപിക്കപ്പെട്ട, കേരളത്തിലെത്തന്നെ ആദ്യസന്യാസിനിസഭയായ, കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ (റ്റി.ഒ.സി.ഡി)യിൽ നിന്നുമാണ് കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമ്മലൈറ്റ്സ് (സി.റ്റി.സി) കോൺഗ്രിഗേഷൻ ഓഫ് ദ മദർ ഓഫ് കാർമ്മൽ (സി.എം.സി) എന്നീ സന്യാസിനീസഭകൾ ഉരുത്തിരിഞ്ഞു വന്നത്. വരാപ്പുഴ വികാരിയാത്തിലെ പ്രധാനപ്പെട്ടതും പൗരാണികവുമായ ഇടവകകളിൽ ഒന്നായ, ഓച്ചന്തുരുത്ത് കുരിശിങ്കൽ പള്ളി ഇടവകയിൽപെട്ട, വൈപ്പിശ്ശേരി തറവാട്ടിൽ, 1831 ഒക്ടോബർ 15-ന്, തൊമ്മൻ-താണ്ട ദമ്പതികളുടെ എട്ടുമക്കളിൽ ആദ്യസന്താനമായാണ് ഏലീശ്വ ജനിച്ചത്. വാകയിൽ വത്തരുവിന്റെ വധുവായി, അന്നയെന്ന കുഞ്ഞിന്റെ അമ്മയായി, 20-ാം വയസ്സിൽ വിധവയായി, അതിനുശേഷം കളപ്പുരയിൽ പ്രാർത്ഥനക്കായി രൂപപ്പെടുത്തിയ മുറിയിൽ, ദീർഘകാലം പരിത്യാഗത്തിലും ധ്യാനനിർലീനതയിലും ജീവിച്ച്, കുരിശുമരണം

മഠത്തിന്റെ അഭ്യുദയകാംഷി എന്നതിൽ കവിഞ്ഞ് യാതൊരു അധികാരവും ചാവറയച്ചന് ഉണ്ടായിരുന്നില്ല. മഠത്തിൽ ലെയോപ്പോൾഡച്ചനോടൊപ്പം വന്നിരുന്നതിനു പുറമേ കൂനമ്മാവിലെയോ ലത്തീൻ സഭയിലെ മറ്റു പള്ളികളുടെയോ വിശ്വാസികളുടെയോ കാര്യങ്ങളിൽ ചാവറയച്ചൻ ഇടപെടുന്നതായി രേഖപ്പെടുത്തിക്കാണുന്നില്ല. കൂനമ്മാവിലെ അദ്ദേഹത്തിന്റെ 7 വർഷക്കാലത്തെ ജീവിതത്തിലെ അവസാന 5 വർഷങ്ങളാണ് റ്റി.ഒ.സി.ഡി. സന്യാസിനീ ഭവനത്തിൽ ലെയോപ്പോൾഡച്ചനോടൊപ്പം വന്നിട്ടുള്ളത് കൃത്യമായി പറഞ്ഞാൽ 1866 ഫെബ്രുവരി മുതൽ 1870 വരെ. ഇതിൽ 1870-ാം വർഷം വളരെ കുറച്ചുതവണ മാത്രമേ അദ്ദേഹത്തിന് വരുവാൻ കഴിഞ്ഞിട്ടുള്ളു. 1869 പകുതി മുതൽ അദ്ദേഹം രോഗിയായും കാഴ്ചശക്തി നഷ്ടപ്പെട്ടും കഴിയുകയായിരുന്നു.

1865-ാം കാലം കന്നി(സെപ്റ്റംബർ/ ഒക്റ്റോബർ)മാസമാണ് ചാവറയച്ചൻ ആദ്യമായി ഏലീശ്വായെന്ന വിധവയെയും മകളെയും കുറിച്ച് കേൾക്കുന്നത്. 1866 ജനുവരിയിൽ പനമ്പുമഠത്തിന്റെ പണിയാരംഭിച്ചതുമുതൽ 1870 വരെയുള്ള കാലഘട്ടത്തിൽ റ്റി.ഒ.സി.ഡി. സന്യാസിനി സഭയുടെ കാര്യങ്ങളിൽ ചാവറയച്ചൻ ലെയോപ്പോൾഡച്ചനോടൊപ്പം പ്രവർത്തിച്ചു. മദർ ഏലീശ്വാ തനിക്ക് സിദ്ധിച്ച പ്രത്യേക വിളിക്കനുസൃതമായി പ്രാർത്ഥനയിലും പരിത്യാഗത്തിലും ഏകാന്തതയിലും 10 വർഷത്തോളം ചിലവഴിച്ചു. തനിക്ക് ലഭിച്ച ദിവ്യമായ ദൈവനിവേശനത്തെതുടർന്ന് 1862-ൽ ലെയോപ്പോൾഡച്ചനെ സമീപിച്ച് തന്റെ ആഗ്രഹം അറിയിച്ചു. ഏകദേശം മൂന്നര വർഷത്തോളം ഈ സിദ്ധി വിലയിരുത്തി, പഠിച്ചും, പ്രാർത്ഥിച്ചും മറ്റു മിഷനറിമാരോട് ആലോചിച്ചും (റ്റി.ഒ.സി.ഡി. നാളാഗമം വാല്യം 1, പേജ്. 4) സിദ്ധിയിലെ ദൈവനിയോഗവും അതിന്റെ ആധികാരികതയും തിരിച്ചറിഞ്ഞശേഷം ലെയോപ്പോൾഡച്ചൻ ബെച്ചിനെല്ലി പിതാവിനെ അറിയിച്ച് കാനോനികമായ അംഗീകാരം ഉറപ്പിക്കുകയും മെത്രാപ്പോലീത്ത നിയമാവലി വരുത്തുകയും പ്രാരംഭനടപടികൾ പൂർത്തിയാക്കുകയുംചെയ്തു. അതിനുശേഷമാണ്1865 സെപ്റ്റംബർ മാസം ഈ വിവരം തന്റെ ആത്മാർത്ഥ സുഹൃത്തായ ചാവറയച്ചനോട് ലെയോപ്പോൾഡച്ചൻ പങ്കുവച്ചത്. (റ്റി.ഒ.സി.ഡി. നാളാഗമം വാല്യം 1, പേജ് 5).

ചാവറയച്ചൻ ഫാ. ലെയൊപ്പോൾഡിൽ നിന്നും കേട്ടറിഞ്ഞ് മഠം പണിയിൽ സഹായിച്ചുവെന്നത് കൊണ്ട് എങ്ങനെയാണ് സ്ഥാപകനാവുക? മഠം പണിയിൽ സഹായിക്കുന്നവരാണോ സ്ഥാപകരും സഹസ്ഥാപകരും? റോമിലെ ആർക്കൈവ്സിലുള്ള(AGOCD – plut No. 78), മെല്ലാനോ മെത്രാപ്പോലീത്ത എഴുതിയ റ്റി.ഒ.സി.ഡി. സഭയുടെ സ്ഥാപനചരിത്രം, ആർച്ച്ബിഷപ്പ് ലെയൊനാർദ് മെല്ലാനൊയുടെ എഴുത്തുകൾ) എന്നിവ മദർ ഏലീശ്വ സ്ഥാപികയാണെന്നതിനുള്ള തെളിവുകളാണ്. മദർ ഏലിശ്വ, അന്ന, ത്രേസ്യ എന്നി ലത്തീൻകാരത്തികളാണ് സ്ഥാപികകളെന്നു മരിച്ചുപോയ പ്രിയോർ നാളാഗമത്തിലെഴുതിയെന്നു മെല്ലാനോ മെത്രാപ്പോലീത്ത സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും ആ ഭാഗം ഒറിജിനൽ കൈയ്യെഴുത്തുപ്രതിയിൽ കറുപ്പിച്ചു വികലമാക്കിയിരിക്കുന്നു (ടി.ഒ.സി.ഡി. സന്ന്യാസിനീ സഭയുടെ നാളാഗമം, പേജ് 3). മഠം പണിയെക്കുറിച്ച് കേട്ടറിഞ്ഞു അതിൽ സഹകരിച്ച ചാവറയച്ചൻ മറ്റുള്ളവരെയൊക്കെ പിന്തള്ളി സ്ഥാപകനായി എന്നത് സമാന്യബുദ്ധിക്ക് പോലും നിരക്കാത്തതാണ്. '...എന്നാൽ നമ്മുടെ കൊവേന്തകളിൽ ലത്തീൻകാർ എന്നവരെയും.....എന്നവരെയും കൈക്കൊള്ളുവാൻ അനുവദിക്കേണ്ട എന്നെനിക്ക് തോന്നുന്നു" (ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ വാല്യം 4, കത്തുകൾ) എന്നു പറയുന്ന ചാവറയച്ചൻ, '3 ലത്തീൻകാരികൾക്ക് വേണ്ടി മഠം പണിതു' എന്നുപറയുന്നതിന്റെ വൈരുദ്ധ്യവും വ്യക്തമാണല്ലോ. സ്വാർത്ഥപരമായ സാമൂഹിക താത്പര്യങ്ങൾക്ക് വശംവദരായി ചരിത്രരേഖകൾപോലും വികലമാക്കി ചരിത്രം വളച്ചൊടിക്കുന്നത് തലമുറകളൊട് ചെയ്യുന്ന അനീതിയാണെന്ന് പറയാതെ വയ്യ.

പുത്തൻപള്ളി മഠം
കൂനമ്മവു വികാരി
പ്രിയോർ - ഒ.സി.ഡി ജനറലി ം പ്രൊവിൻസ്യാളി ം താഴെ